**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

16.10.2020

# പത്രക്കുറിപ്പ്

## പരിസ്ഥിതി പുനസ്ഥാപന പ്രക്രിയയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് പച്ചത്തുരുത്തുകളെ ആധാരമാക്കി വെബിനാർ ശനിയാഴ്ച (17.10.2020)

പരിസ്ഥിതി പുനസ്ഥാപന പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വിഷയമാക്കി സംഘടിപ്പിക്കുന്ന ദേശീയ വെബിനാർ ശനി (17.10.2020 ശനി) ഉച്ചയ്ക്ക് 2.30 മുതൽ 4 വരെ നടക്കും. സുസ്ഥിര വികസന മാതൃകകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എന്ന വിഷയത്തെ ആസ്പദമാക്കി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില), ഹരിതകേരളം മിഷനും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനും (ഗിഫ്റ്റ്) സംയുക്തമായി സംഘടിപ്പിച്ചു വരുന്ന വെബിനാർ പരമ്പരയിൽ ഉൾപ്പെടുത്തിയാണ് പരിപാടി.

പരിസ്ഥിതി ശാസ്ത്രജ്ഞനും കോഴിക്കോട് സർവ്വകലാശാല മുൻ പ്രോ വൈസ്ചാൻസലറുമായ പ്രൊഫ. എം.കെ. പ്രസാദ് വെബിനാർ ഉദ്ഘാടനം ചെയ്യും. മഹാരാഷ്ട്ര മുൻ ഫിനാൻസ് കമ്മീഷൻ ചെയർമാനും മഹാരാഷ്ട്രയിലെ ബാംബു ഫൗണ്ടേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ശ്രീ. വി. ഗിരിരാജ് (ഐ.എ.എസ്. റിട്ട.), തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ബോട്ടണി വിഭാഗം മുൻ മേധാവി പ്രൊഫ. ഇ. കുഞ്ഞിക്കൃഷ്ണൻ, കോട്ടയം മണർകാട് സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാൾ ഡോ. പുന്നൻ കുര്യൻ എന്നിവർ പാനൽ അംഗങ്ങളാകും. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി.എൻ.സീമ, കില ഡയറക്ടർ ജനറൽ ഡോ.ജോയ് ഇളമൺ, ഗിഫ്റ്റ് ഡയറക്ടർ ഡോ. കെ.ജെ. ജോസഫ് എന്നിവർ പങ്കെടുക്കും.

കേരളത്തിന്റെ ഹരിതാഭ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ ആവിഷ്കരിച്ച അതിജീവനത്തിനായി ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്ത് പദ്ധതി മികച്ച രീതിയിൽ നടപ്പാക്കുകയും മറ്റു സ്ഥാപനങ്ങൾക്ക് അനുകരിക്കാനാവും വിധം വിജയമാതൃകകളാവുകയും ചെയ്ത തദ്ദേശ സ്ഥാപനങ്ങളുടെ അവതരണമാണ് വെബിനാറിലെ പ്രധാന ഇനം. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, വയനാട് ജില്ലയിലെ മീനങ്ങാടി, കണ്ണൂരിലെ ഉദയഗിരി, ഇടുക്കിയിലെ വെള്ളിയാമറ്റം, കോട്ടയത്തെ കുമരകം, തിരുവനന്തപുരത്തെ പോത്തൻകോട് ഗ്രാമപഞ്ചായത്തുകൾ, പൊന്നാനി മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളാണ് അതത് സ്ഥാപന അധ്യക്ഷർ അവതരിപ്പിക്കുന്നത്.

ഹരിതകേരളം മിഷൻ ഫേസ്ബുക്ക് facebook.com/harithakeralamission, യൂട്യൂബ് ചാനൽ youtube.com/harithakeralammission, കിലയുടെ ഫേസ്ബുക്ക് facebook.com/kilatcr, യുട്യൂബ് ചാനൽ youtube.com/kilatcr, ഗിഫ്റ്റിന്റെ ഫേസ്ബുക്ക് facebook.com/Gulatigift, യുട്യൂബ് ചാനൽ youtube.com/GIFTkerala എന്നിവയിലൂടെ വെബിനാർ കാണാനാവും.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഹരിതകേരളം മിഷൻ**
**9895882812**

ടി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

F1145